# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2437**

**11.10.2011 ൽ മറുപടിയ്ക്ക്**

ജി.എഫ്.യു.പി.എസ്. അപ്ഗ്രേഡ് ചെയ്യാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | പൊന്നാനിയിൽ കടവനാട് എന്ന സ്ഥലത്ത് ഹൈസ്ക്കൂളില്ലാത്തതു മൂലം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഫിഷറീസ് മേഖലയിലെ വിദ്യാർത്ഥികൾ 3 - 4 കി.മീ. നടന്നും തുടർന്ന് ബസ്സിൽ യാത്ര ചെയ്തും ദൂരെയുള്ള സ്ക്കൂളുകളിലേയ്ക്ക് പോകേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ആർ.എം.എസ്.എ. യിൽ മുമ്പ് നിർദ്ദേശമുണ്ടായിരുന്ന പ്രകാരം ജി.എഫ്.യു.പി.എസ്. അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | ജി.എഫ്.യു.പി.എസ്. കടവനാട് ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യാനുള്ള നിർദ്ദേശം 2010-11 -ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും തൊട്ടടുത്ത അംഗീകൃത ഹൈസ്ക്കൂളിൽ നിന്ന് 5 കിലോമീറ്റർ ദൂരപരിധിയില്ലാതിരുന്നതിനാൽ പ്രസ്തുത സ്ക്കൂൾ ആർ.എം.എസ്.എ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള അംഗീകാരം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടില്ല. ആയതിനാൽ ആർ.എം.എസ്.എ പദ്ധതി പ്രകാരം ജി.എഫ്.യു.പി. സ്ക്കൂൾ ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യാൻ കഴിയില്ല. |
| (ഡി) | എങ്കിൽ അടുത്ത അദ്ധ്യയന വർഷത്തിന് മുൻപ് തുടങ്ങാൻ കഴിയുമോ? | | |

സെക്ഷൻ ഓഫീസർ